**പതിമൂന്നാം കേരള നിയമസഭ**
**പതിന്നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 268 — 09.07.2015- ൽ മറുപടിക്ക്

## മൊബൈൽ ഫോണിലൂടെ റവന്യൂ സർട്ടിഫിക്കറ്റുകൾ

**ചോദ്യം**

ശ്രീ. വർക്കല കഹാർ
ശ്രീ. അൻവർ സാദത്ത്
ശ്രീ. വി.റ്റി. ബൽറാം
ശ്രീ. വി.ഡി. സതീശൻ

**ഉത്തരം**

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | റവന്യൂ സർട്ടിഫിക്കറ്റുകൾ മൊബൈൽ ഫോണിലൂടെ അപേക്ഷിക്കുവാനും ലഭിക്കുവാനുമുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | എ) | ഇന്റർനെറ്റ് കണക്ഷനുള്ള മൊബൈൽ ഫോൺ ഉപയോഗിച്ച് ബ്രൗസർ വഴി അപേക്ഷ നിലവിൽ നൽകാവുന്നതാണ്. എന്നാൽ ഇതിനായി മാത്രമുള്ള മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ അപേക്ഷയുടെ തൽസ്ഥിതി Android Application വഴി, ടി സംവിധാനത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫോണിലൂടെ അറിയാനും, സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ലഭ്യമാണ്. |
| ബി) | ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് പ്രസ്തുത സംവിധാനം വഴി ലഭിക്കുന്നത്; | ബി) | 24 തരം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതിയിലൂടെ മേൽപറഞ്ഞ പ്രകാരം വിതരണം ചെയ്തു വരുന്നു. |
| സി) | ആരെല്ലാമാണ് പ്രസ്തുത സംവിധാനവുമായി സാങ്കേതികമായി സഹകരിക്കുന്നത്; വിശദമാക്കുമോ? | സി) | കേരള സംസ്ഥാന ഐ.ടി മിഷൻ, നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ, അക്ഷയ കേന്ദ്രങ്ങൾ എന്നിവരുടെ സാങ്കേതിക സഹായമാണ് ഇത്തരത്തിൽ നൽകി വരുന്നത്. |

Valsala S.
**സെക്ഷൻ ഓഫീസർ**